LIBRARY ARCHIVES Kerala Legislative Assembly

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

*6 [447] ശ്രീ. ഡി. സുഗതൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, കെ. മോഹൻകുമാർ:

,, ടി. എൻ. പ്രതാപൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്ന് വിദ്യുത്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ റബ്ബർ പാർക്കിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം ഏർപ്പാടുകൾ ചെയിതിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കൊച്ചി തുറമുഖ ട്രസ്റ്റ്, കിൻഫ്ര കയറ്റുമതി വികസന പാർക്ക്, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വാതോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് റബ്ബർ പാർക്ക് ആലോചിച്ചുവരികയാണ്. ഇത് ആലോചനാ തലത്തിലായതിനാൽ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

തുറമുഖങ്ങളുടെ വികസനം

*7 [448] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി കഴിഞ്ഞ മൂന്നു വർഷമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ തുക ഉപയോഗിച്ച് നടന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ബഡ്ജറ്റ് പ്രകാരം കേരളത്തിന്റെ തുറമുഖ വികസനത്തിലെ പ്രധാന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; ഇവ സംസ്ഥാനത്തിന് ഗുണകരമാകുമോയെന്ന് അറിയിക്കാമോ?